## നീര - എന്ത് എന്തിന്

വർഷങ്ങൾക്കു മുൻപ് തന്നെ കർണ്ണാടകയിൽ നീരചെത്തി കർഷകൻ അവന്റെ തോട്ടത്തിൽ വെച്ചു തന്നെ വിറ്റിരുന്നു. ഇപ്പോൾ കർണ്ണാടകയിൽ സർക്കാർ തലത്തിൽ ഒരു നീര പ്രദർശന യൂണിറ്റ് ആരംഭിക്കുവാൻ നാളികേര വികസന ബോർഡ് സഹായധനമായി 28.75 ലക്ഷം രൂപ നൽകി കഴിഞ്ഞു. സമീപഭാവിയിൽ കേരളീയർക്ക് കർണ്ണാടക നീരയും നമ്മുടെ വിപണിയിൽ വാങ്ങാൻ കിട്ടും. അന്യ സംസ്ഥാനങ്ങളിൽ ഉത്പാദിപ്പിക്കുന്നത് തിന്നു ശീലിച്ച മലയാളികൾക്ക് കർണ്ണാടകയുടെ നീരയും ഏറെ പ്രിയങ്കരമായിരിക്കും. പായ്ക്കറ്റിലാക്കിയ പാനീയത്തിനു  പുറമെ നീരയിൽ നിന്നു ചക്കര, പഞ്ചസാര, തേൻ മുതലായ ഉൽപന്നങ്ങളുമുണ്ടാക്കാം. തെങ്ങിൻ ചക്കരയുണ്ടാക്കി പലരാജ്യങ്ങളും എന്തിനേറെ അയൽസംസ്ഥാനമായ തമിഴ്നാട് പോലും വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നു. ഇന്തോനേഷ്യ ടൺകണക്കിന് ജൈവതെങ്ങിൻ പഞ്ചസാര കയറ്റുമതി ചെയ്യുന്നു. അമേരിക്കൻ മാർക്കറ്റിൽ ഒരു കിലോ തെങ്ങിൻ പഞ്ചസാരയുടെ വില ആയിരം രൂപയോളം വരുമെന്നറിയുമ്പോഴാണ് നീരയുടെയും തെങ്ങിൻ ചക്കരയുടെയും പഞ്ചസാരയുടെയും സാധ്യതകൾ ഇതുവരെ ഉപോയഗപ്പെടുത്താത്തതുകൊണ്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്ന് മനസിലാകുക.

### നീര ചെത്ത് അനുവദിക്കുക

ഇത് സർക്കാർ തലത്തിൽ ഉടൻ ചെയ്യേണ്ടതാണ്. നീര സംസ്കരണം തത്വത്തിൽ സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന്  സംസ്ഥാന കൃഷി മന്ത്രി ശ്രീ കെ പി മോഹനൻ പറയുന്നു. നീരയുടെ  കാര്യത്തിൽ ഇതിനു മുൻപും സമാനമായി നിലപാടുകൾ ഉണ്ടായിട്ടുണ്ട്.

1. 2001 ഫെബ്രുവരി 22 ന് അവതരിപ്പിച്ച സംസ്ഥാന ബജറ്റിൽ ധനമന്ത്രി ശ്രീ ശിവദാസമേനോൻ കേരസുധയെന്ന മധുരകള്ള്(നീര) ഉൽപാദന പദ്ധതി വ്യവസായ വത്ക്കരിക്കുവാൻ ഒരു പരിപാടി തയ്യാറാക്കാൻ 5 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി.

2. 2006 ഫെബ്രുവരി 5ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിളിച്ചു ചേർത്ത യോഗത്തിൽ ആറളം, ചെറുകുളം, പേരാമ്പ്രാ എന്നിവിടങ്ങളിൽ 3 നീര സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ തീരുമാനമായി. ഇതിനു വേണ്ടി അബ്കാരി നിയമത്തിൽ ചട്ടം ഭേദഗതി ചെയ്യുവാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു. (പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് കാരണം ഭാവി പ്രവർത്തനങ്ങൾ നടന്നില്ല)

3. തുടർന്ന് വന്ന വിഎസ് അച്യുതാനന്ദൻ സർക്കാർ അണ്ടർ സെക്രട്ടറി എൻ. അദീല ബീവി 2006 നവംബർ 15 ന് മധുര കള്ള് / നീര വ്യവസായ വത്ക്കരിക്കുന്നതിന് അബ്കാരി നിയമം ഭേദഗതി ചെയ്യമമെന്ന നിർദ്ദേശം സർക്കാർ നിരാകരിക്കുന്നു.

4. 2007 ൽ 2500 ലിറ്റർ മധുരകള്ള്  വിപണിയിലിറക്കുവാനുള്ള 14 കോടി രൂപയുടെ  പദ്ധതി സമർപ്പിച്ച കൃഷി മന്ത്രി ശ്രീ മുല്ലക്കര രത്നാകരന് ഫണ്ട അനുവദിക്കാതിരുന്നത് അന്നത്തെ ധനമന്ത്രിയായിരുന്ന ശ്രീ തോമസ് ഐസക്ക് ആയിരുന്നു.

### ആശങ്കകൾക്ക് അടിസ്ഥാനമുണ്ടോ?

നീരചെത്ത് തുടങ്ങിയാൽ അത് കള്ളുവ്യവസായത്തെ ബാധിക്കുമെന്നും നീര മൂപ്പിച്ച് കള്ളാക്കി നാടാകെ കുടിപടരുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ ആശങ്കകൾക്ക് യാതൊരു വിധ അടിസ്ഥാനവുമില്ല. അന്യരാജ്യങ്ങളിലും അയൽസംസ്ഥാനങ്ങളിലും നീര ഉൽപാദവും വിതരണവും, അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമാണവും യഥേഷ്ടം നടക്കുമ്പോൾ നമ്മൾ വെറും ആശങ്കകൾ കൊണ്ടു നടക്കുന്നത് ശരിയല്ല. ഇത്തരം പ്രശ്നങ്ങളെ നിയന്ത്രിക്കുവാൻ  വേണ്ട സംവിധാനങ്ങൾ ശക്തമാക്കുകയാണ് വേണ്ടത്. അതുകൊണ്ട് കേരളത്തിൽ മാത്രം നീര ചെത്ത് അനുവദിക്കരുത് എന്ന അഭിപ്രായത്തെ കൃഷി മന്ത്രി പോലും എതിർക്കുമ്പോൾ അടിസ്ഥാന രഹിതമായ വാദങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളക്കളകയുകയും നീരയെ എത്രയും വേഗം യാഥാർത്ഥ്യമാക്കുകയുമാണ് വേണ്ടത്.

പീലിക്കോട് കാർഷിക ഗവേഷണ ശാലയിൽ നടത്തിയ പഠനത്തിൽ , ഒരു ദിവസം പശ്ചിമതീര നെടിയയിനം തെങ്ങിൽ നിന്ന് ലഭിക്കുന്നത് ശരാശരി 0.65 ലിറ്റർ നീരയാണെങ്കിൽ ലക്ഷദ്വീപ് ഓർഡിനറിയെന്ന തെങ്ങിൽ നിന്നും 1.66 ലിറ്റർ നീര ലഭിക്കുമെന്നു കണ്ടെത്തിയിട്ടുണ്ട്. അതിനാൽ നാം വ്യാപകമായി ലക്ഷദ്വീപ് ഓർഡിനറി തെങ്ങുകൾ നട്ടുപിടിപ്പിക്കണം. ഈ ഇനത്തിന്റെ തൈകളും കൃഷിഭവൻ മുഖേന ലഭ്യമാക്കണം

**കള്ളു വ്യവസായം കേര കർഷകരെ ഏൽപ്പിക്കുക**

ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ ഉൽപാദകരായ ക്ഷീര കർഷകർക്കാണ് സ്ഥാനം. പക്ഷെ കള്ളു സഹകരണ സംഘങ്ങളിൽ കേര കർഷകർ പുറത്ത്. ഇതെന്തു ന്യായം? ഇതിന്റെ ഫലമായിട്ടാണ് വ്യാജ കള്ളു വ്യവസായം തഴച്ചു വളരുന്നത്. ദിവസം 4 ലക്ഷം ലിറ്റർ കള്ളു ചെത്തിയെടുക്കുമ്പോൾ ഉപഭോഗം 12 ലക്ഷം ലിറ്റർ (തെങ്ങ് കൃഷിയും ഉൽപന്നങ്ങളും - കേരള കാർഷിക സർവ്വകലാശാല)അതായത് മൂന്നിൽ രണ്ടും വ്യാജകള്ള്. ഇത് കണക്കിലെടുത്താണ് ബഹുമാനപ്പെട്ട ഹൈക്കോടതി, കള്ളുവ്യവസായം നിറുത്തികൂടെയെന്ന് അഭിപ്രായപ്പെട്ടത്. ഇതിനെതിരെ സർക്കാരിന്റെയും, പ്രതിപക്ഷത്തിന്റെയും പ്രതിഷേധം വളരെ വലുതായിരുന്നു. ശുദ്ധമായ അതായത് എട്ടു ശതമാനത്തിൽ കൂടുതൽ മദ്യാംശം അടങ്ങാത്ത കള്ള് ഉപഭോക്താവിന് ലഭ്യമാക്കുവാൻ കർഷകരുടെ സൊസൈറ്റിക്ക് കള്ളുഷാപ്പുകൾ നടത്താൻ അനുവാദം നൽകുക. ഇന്നത്തെ വ്യാജക്കള്ള്  വ്യവസായത്തെ എതിർക്കുന്ന സാമൂഹ്യ - ജാതി സംഘടനകൾക്ക് ഇതു സ്വീകാര്യമയേക്കും.

**കെ ഗോവിന്ദൻ നായർ**